നം. 20/2017/SRG/CC(11)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.17 ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 11.00 മണിക്ക് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം ഹാജർ രജിസ്റ്റർ പ്രകാരം .

## 1. പദ്ധതി പുരോഗതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 പദ്ധതി നിർവഹണം യോഗം അവലോകനം ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 30.10.2017 വരെയുള്ള പദ്ധതി ചെലവ് 20.57 ശതമാനമാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നഗരസഭകൾ | - | 23.34 ശതമാനം |
| ഗ്രാമപഞ്ചായത്ത് | - | 22.75 " |
| ബ്ലോക്ക് പഞ്ചായത്ത് | - | 21.23 " |
| കോർപ്പറേഷൻ | - | 16.43 " |
| ജില്ലാ പഞ്ചായത്ത് | - | 12.04 " |
| ആകെ | | 20.57 ശതമാനം |

ഏറ്റവും ഉയർന്ന പദ്ധതി ചെലവ് കണ്ണൂർ ജില്ലയിലും (22.83 ശതമാനം) ഏറ്റവും കുറഞ്ഞ ചെലവ് കോഴിക്കോട് ജില്ലയിലും (17.98 ശതമാനം) ആണ്. വിവിധ ട്രഷറികളിലായി സമർപ്പിക്കപ്പെട്ട 2357 പ്രോജക്ടുകളിലായി 122.67 കോടി രൂപയുടെ പേയ്മെന്റ് നടന്നിട്ടില്ല. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകളിൽ കോർപ്പറേഷനുകളിൽ 76 ശതമാനവും മുനിസിപ്പാലിറ്റികളിൽ 80 ശതമാനവും ജില്ലാ പഞ്ചായത്തുകളിൽ 62 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകളിൽ 73 ശതമാനവും ഗ്രാമപഞ്ചായത്തുകളിൽ 80 ശതമാനവും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ആകെ 78 ശതമാനം പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

## 2. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

### 2.1 23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർ നടപടി സ്വീകരിക്കാത്തവയിന്മേലുള്ള നടപടി

2.1.1 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ബില്ലുകൾ സെക്രട്ടറിമാർ ട്രഷറിയിൽ നൽകി തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടയ്ക്കണം എന്ന് 23.08.2017 -ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭളുടേയും വിശദാംശങ്ങൾ ലഭിച്ചിരുന്നില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

(i) ഗ്രാമപഞ്ചായത്തുകളിൽ 2017–18–ൽ ആകെ 4735 ഡെപ്പോസിറ്റ് പ്രവൃത്തികളാണ് ഉള്ളത്. ഇതിൽ 1895 പ്രോജക്ടുകളുടെ തുക ബന്ധപ്പെട്ട വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

(ii) നഗരസഭകളിൽ ഈ വർഷം ആകെ 407 ഡെപ്പോസിറ്റ് പ്രവൃത്തികൾ ഉണ്ട്. (കോർപ്പറേഷനുകളിൽ 105, നഗരസഭകളിൽ 302) ഇതിൽ ആകെ 147 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുക (യഥാക്രമം കോർപ്പറേഷനിൽ 35 പ്രവൃത്തികളും നഗരസഭകളിൽ 112 പ്രവൃത്തികളും) ബന്ധപ്പെട്ട വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തു.

**നടപടി :–** തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്

2.1.2 **ബഹു. ചവറ എം.എൽ.എ.യുടെ 09.08.2017–ലെ T37/08/2017 (P) നമ്പർ കത്തും തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 15.07.2017–ലെ 2–ാം നമ്പർ ഭരണസമിതി തീരുമാനവും**

പഞ്ചായത്തിൽ ഇ.എം.എസ്. ഭവന നിർമ്മാണത്തിന് 33 ഗുണഭോക്താക്കൾക്ക് 2011–12 സാമ്പത്തിക വർഷം 75,000/–രൂപ വീതം നൽകി. ഇവർ 01.04.2011–നു ശേഷമാണ് എഗ്രിമെന്റ് വച്ചത്. 19.01.2012–ലെ 15/2012/തസ്വഭവ ഉത്തരവു പ്രകാരം 01.04.2011–നു ശേഷം എഗ്രിമെന്റ് വച്ച പട്ടികജാതി വിഭാഗക്കാർക്ക് 2,00,000/– രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2,50,000/– രൂപയും ആയി യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ചു. ഈ നിരക്കിൽ ബാക്കി തുക പട്ടികജാതി വിഭാഗക്കാർക്ക് 2017–18–ൽ 50,000/– രൂപ വീതവും 2018–19–ൽ 75,000/– രൂപ വീതവും നൽകാൻ അനുമതി സംബന്ധിച്ച് – ഇതിന്റെ നിജസ്ഥിതി സംബന്ധിച്ച റിപ്പോർട്ട്. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് അധിക തുക നൽകാവുന്നതാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

തീരുമാനം :– അധിക തുക 2017–18 വർഷം തന്നെ നൽകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

2.1.3 **മൊകേരി ഗ്രാമപഞ്ചായത്തിലെ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിലെ വാളണ്ടിയർമാർ 24.07.2017–ൽ സമർപ്പിച്ച കത്ത്**

കഴിഞ്ഞ നാലു വർഷമായി 4 വനിതാ വാളണ്ടിയർമാർ ദിവസവേതനാടിസ്ഥാനത്തിൽ സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയിൽ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു. 2017 ജൂലൈ മാസം മുതൽ പഞ്ചായത്തിൽ നിന്നും വേതനം നൽകുന്നതിനു പകരം യൂസർ ഫീ പിരിച്ചെടുക്കുന്ന തുക പ്രതിഫലമായി

കണക്കാക്കാൻ പഞ്ചായത്ത് ഈ വാളണ്ടിയർമാരോട് ആവശ്യപ്പെട്ടിരിക്കുന്നു എന്നറിയിച്ചിരിക്കുന്നു. പഞ്ചായത്തിൽ നിന്നു തന്നെ വേതനം നൽകാൻ നിർദ്ദേശിക്കണമെന്ന വോളണ്ടിയർമാരുടെ ആവശ്യം സംബന്ധിച്ച് ലഭിച്ച യൂസർ ഫീ എത്ര? ചെലവ് എത്ര? തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

<u>**നടപടി :-**</u> ഇതുവരെ യൂസർ ഫീ പിരിച്ചിട്ടില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. പ്ലാസ്റ്റിക് വിറ്റ ഇനത്തിൽ ഇതുവരെ 45666 രൂപ വരവുണ്ട്. ആകെ ചെലവ് 10,25,314/- രൂപ

<u>**തീരുമാനം:-**</u> 2017 ഒക്ടോബർ മാസം മുതൽ യൂസർ ഫീ പിരിക്കണം. വാളണ്ടിയർമാർ അത് പഞ്ചായത്തിൽ അടയ്ക്കണം. ഇതിൽ നിന്നു വേതനം നൽകണം. ഈ തുക തികയാതെ വന്നാൽ ബാക്കി തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകണം

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

**2.2 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ**

**2.2.1** 2017-18 വാർഷിക പദ്ധതിയിലെ നിർമ്മാണ പ്രോജക്ടുകൾക്ക് ഈ വർഷവും കഴിഞ്ഞ വർഷവും (പദ്ധതി അംഗീകാരത്തിന്റെ നിശ്ചിത സമയത്തിനുശേഷം) നൽകിയ സാങ്കേതികാനുമതിയുടെ വിവരങ്ങൾ - താരതമ്യം

നടപടി : ഇതു സംബന്ധിച്ച വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

(തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയർ)

**2.2.2** ടെണ്ടർ ഒഴിവാക്കി ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി, പി.ടി.എ, അങ്കണവാടി ക്ഷേമ സമിതികൾ പാടശേഖര സമിതികൾ തുടങ്ങിയ ഏജൻസികൾ മുഖേന അനുയോജ്യമായ പ്രോജക്ടുകൾ നടപ്പാക്കാമെന്നും ഇതിന് തുകയുടെ പരിധി ഇല്ലായെന്നും പദ്ധതി ആസൂത്രണ മാർഗരേഖയിൽ പറഞ്ഞിരുന്നു. എന്നാൽ 15.00 ലക്ഷത്തിലധികം വരുന്ന തുകയുള്ള നിർമ്മാണ പ്രവർത്തികൾക്ക് കൂടുതൽ സാങ്കേതികത ആവശ്യമായതിനാൽ ഈ വർഷത്തേയ്ക്ക് 15.00 ലക്ഷത്തിലധികം അടങ്കൽ വരുന്ന പ്രോജക്ടുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, പി.ടി.എ, അങ്കണവാടി ക്ഷേമ സമിതികൾ, പാടശേഖര സമിതികൾ തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പാക്കേണ്ടതില്ല എന്നതിന്മേലുള്ള സർക്കാർ ഉത്തരവ് ഒരാഴ്ച്ചക്കകം പുറപ്പെടുവിക്കുന്നതാണ്.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

**2.2.3** തിരുവനന്തപുരം കോർപ്പറേഷന്റെ പദ്ധതി ചെലവ് കുറവായതിന്റെ കാരണം പ്രത്യേക യോഗം കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

**2.2.4** കോട്ടയം ജില്ലാ പഞ്ചായത്തിന്റേയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലേയും പദ്ധതി ചെലവ് കുറവാണ്. ജില്ലയിലെ പദ്ധതി നിർവഹണം സംബന്ധിച്ച പ്രത്യേക യോഗം കൂടി അവലോകനം ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

**2.2.5** ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന പ്രശ്നം ഓരോ കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് അവലോകനം ചെയ്യണം. പ്രശ്നങ്ങൾ പ്രത്യേകം ചർച്ച ചെയ്ത് പരിഹരിക്കാൻ നടപടിയെടുക്കണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഇതിന്റെ കുറിപ്പ് കോഓർഡിനേഷൻ കമ്മിറ്റിയുടെ നാലു ദിവസം മുമ്പെങ്കിലും എസ്.ആർ.ജി.ക്കു നൽകി അജണ്ടയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം എന്നു തീരുമാനിച്ചെങ്കിലും ഇതിൽ നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കണം.

(നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ
3) ഗ്രാമവികസന കമ്മീഷണർ)

2.2.6 **<u>കാവനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്</u>**

കിണർ റീ ചാർജിംഗിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് 2017-18-ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (അടങ്കൽ 7,02,000/- രൂപ) ഡിസൈൻ, എസ്റ്റിമേറ്റ് ഇവ പ്രത്യേക ഉത്തരവായി നൽകുമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിരുന്നത്. യൂണിറ്റ് ചെലവ് സഹിതം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>** - ഇതിന്റെ യൂണിറ്റ് ചെലവ്, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവയുടെ കരട് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരന്ന മേൽക്കൂരയുള്ള

ഭവനങ്ങൾക്കായുള്ള യൂണിറ്റ് ചെലവ് 6348/– രൂപയായും ചരിഞ്ഞ മേൽക്കൂരയുള്ള ഭവന ങ്ങൾക്കായുള്ള യൂണിറ്റ് ചെലവ് 7056/– രൂപയായും അംഗീകരിക്കാൻ തീരുമാനിച്ചു. ഇതു കൂടാതെ ഫിൽറ്റർ മീഡിയം കൂടി ഉൾപ്പെടുത്തി യാൽ അധികമായി 500/– രൂപ കൂടി നൽകാവു ന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദവിവരങ്ങൾ വകുപ്പിലേയ്ക്ക് നല്കേണ്ടതാണ്.

(നടപടി:–1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

2.2.7 **കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017–ലെ 82/2017/DPO /Kannur നമ്പർ നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കാൻ കോഓർഡി നേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഘടനയും ചുമതലയും എസ്.ആർ.ജി.യിൽ നിന്ന് തയ്യാറാക്കി (കരട്) സർക്കാരിനു നല്കിയിട്ടുണ്ട്.

**തീരുമാനം:** – സർക്കാർ ഉത്തരവ് ഒരാഴ്ചയ്ക്കകം പുറപ്പെടുവിക്കും.

(നടപടി:– തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ. വകുപ്പ്)

2.2.8 **പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 21.08.2017–ലെ കത്ത്**

നഗരസഭയിൽ റോഡ് ടാറിംഗിനായി ആവശ്യമായ ബിറ്റുമിൻ 'ബിറ്റുമിക്സ്' എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും കരാറുകാർ വാങ്ങി ഈ സ്ഥാപനത്തിന്റെ ബിൽ ആണ് സമർപ്പിച്ചിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് അനുസൃതമല്ലാത്തിനാൽ പ്രത്യേക ഇളവു നൽകണമെന്നതു സംബന്ധിച്ച് പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

കൊച്ചി റിഫൈനറിയിൽ നിന്ന് ബിറ്റുമിൻ ലഭിക്കുന്നതിനു കാലതാമസം വന്നതിനാലാണ് ഇപ്രകാരം ബിറ്റുമിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ബിറ്റുമിൻ വാങ്ങിയതെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തു.

**തീരുമാനം:** – അംഗീകാരം നൽകാൻ തീരുമാനിച്ചു. എന്നാൽ ഭാവിയിൽ ഇത് ആവർത്തിക്കാൻ പാടില്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചു. ഈ വിവരം ബന്ധപ്പെട്ട എഞ്ചിനീയറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(നടപടി:– 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

2.2.9 **<u>നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2017-ലെ കത്ത്</u>**

യോഗ ഇൻസ്ട്രക്ടർക്ക് നൽകേണ്ട ഓണറേറിയം നിശ്ചയിച്ച നൽകണമെന്നത സംബന്ധിച്ച്.

**<u>തീരുമാനം</u>**- ഇത സംബന്ധിച്ച സർക്കാർ ഉത്തരവ് ഒരാഴ്ചയ്ക്കകം പുറപ്പെടുവിക്കും.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

## 3. <u>പൊതു വിഷയങ്ങൾ.</u>

**3.1** കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് മാർഗരേഖയിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇത സംബന്ധിച്ച് വ്യക്തത മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നൽകിയിട്ടുണ്ട്. വീണ്ടും പല തദ്ദേശഭരണ സ്ഥാപനങ്ങളും മാർഗരേഖ പ്രകാരമല്ലാത്ത പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേക അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് കത്ത് തരുന്നുണ്ട്. ഇവ പരിഗണിക്കേണ്ടതില്ലെന്നും ഇത്തരം കത്തുകൾ ഇനിയും കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ട തില്ലെന്നും തീരുമാനിച്ചു.

(നടപടി:- (നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**3.2** മാർഗ്ഗരേഖപ്രകാരം അനുവദനീയമല്ലാത്തതും പ്രസക്തിയില്ലാത്തതുമായ വിഷയ ങ്ങൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതില്ല. കൂടാതെ ജില്ലാ ആസൂത്രണ സമിതി പരിഗണിക്കേണ്ട വിഷയങ്ങൾ കോഓർഡിനേഷൻ കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി:- 1) തദ്ദേശസ്വയംഭരണ വകുപ്പ് (എല്ലാ സെക്ഷനുകളും)
2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**3.3** തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ പകരം ചാർജ് നൽകുമ്പോൾ പ്രോജക്ട് വെറ്റിംഗിനും സാങ്കേതികാനുമതിക്കും കാലതാമസമുണ്ടാകാതെ ബദൽ സംവിധാനമൊരുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ക്രമീകരണം ചെയ്യണം. എസ്റ്റിമേറ്റ് തയ്യാറാക്കിയ/നിർവഹണ ഉദ്യോഗസ്ഥൻ തന്നെ അല്ലാതെ മറ്റൊരു ഉദ്യോഗസ്ഥൻ വെറ്റിംഗും സാങ്കേതികാനുമതിയും നൽകുന്ന രീതിയിലായിരിക്കണം ക്രമീകരണം നടത്തേണ്ടത്. ഈ വിഷയത്തിൽ ഇതിന് മുമ്പ് കോഓർഡിനേഷൻ കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനങ്ങൾക്കും മാർഗരേഖയ്ക്കും അനുസൃതമായിരിക്കണം നടപടി സ്വീകരിക്കേണ്ടത്.

(നടപടി:- 1) തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു) വകുപ്പ്
2)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

**3.4** സബ്സിഡി മാർഗരേഖയിലെ (സ.ഉ.(എം.എസ്) നമ്പർ 80/2017/തസ്വഭവ, തീയതി 03.04.2017) ഖണ്ഡിക 8.1.8–ൽ നെൽകൃഷിക്ക് ജലസേചനത്തിന് പെട്ടിയും പറയും 100 ശതമാനം സബ്സിഡിയോടെ പാടശേഖരസമിതികൾക്ക് നൽകാൻ അനുമതി നൽകിയിരുന്നു. പെട്ടി, പറ ഇവയോടൊപ്പം മോട്ടോർ കൂടി നൽകാൻ അനുമതി നൽകുന്നു.

(നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

**3.5** സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാർഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ അവ ഉറപ്പാക്കണം. ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടത്.

(നടപടി:– 1)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) ഡയറക്ടർ, ശുചിത്വ മിഷൻ)

**3.6** കേന്ദ്ര ധനകാര്യ കമ്മീഷന്റെ പെർഫോർമൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വിഭവ സമാഹരണ നേട്ടം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും പരിശോധനാക്രമവും തീരുമാനിക്കാൻ തദ്ദേശഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനും, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെൽ ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ അംഗങ്ങളായും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ കൺവീനറായുമുള്ള കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

(നടപടി:– 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2)സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ)

**3.7** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇങ്ങനെ ഡെപ്പാസിറ്റ് ചെയ്ത തുകയെ രണ്ടായി തിരിക്കണം.

(i) കാറ്റഗറി A – 2017–18 വർഷത്തിനു മുമ്പുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ

(ii) കാറ്റഗറി B – 2017–18 വാർഷിക പദ്ധതിയിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ

**കാറ്റഗറി A**യിൽ പൂർത്തിയാകാത്ത പ്രവൃത്തികളുടെ ഓരോ വർഷത്തേയും ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തികളുടെ എണ്ണം, പ്രവൃത്തി തുടങ്ങിയത്, പ്രവൃത്തി തുടങ്ങാത്തത് ഇവ സംബന്ധിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. ഇതിന്റ ജില്ല തിരിച്ചുള്ളതും സംസ്ഥാനതലത്തിലേയും ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കണം.

**കാറ്റഗറി B** യിൽ ഈ വർഷം വകയിരുത്തിയ തുക ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ എണ്ണം, എസ്റ്റിമേറ്റ് ലഭിച്ചത്, എസ്റ്റിമേറ്റ് ലഭിക്കാനുള്ളത് ഇവ സംബന്ധിച്ച് വിവരങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കണം. ഇതിന്റെ ജില്ല തിരിച്ചുള്ളതും സംസ്ഥാനതലത്തിലേയും ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കണം. ഇതിന്റെ വിശദാംശം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. കൂടാതെ അനെർട്ട്, നിർമ്മിതി കേന്ദ്ര, കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ശേഖരിക്കണം.

ഈ തുക ചെലവഴിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. ഇതിന്റെ വിശദാംശങ്ങളും തയ്യാറാക്കണം.

ഡെപ്പോസിറ്റ് ചെയ്ത തുകയിൽ അൺസ്പെന്റ് ബാലൻസ് ഉണ്ടെങ്കിൽ ഈ തുക അതാതു സ്ഥാപനം മുഖേന നടപ്പാക്കുന്ന മറ്റു പ്രവൃത്തികൾക്ക് ഉപയോഗിക്കുകയോ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യണം. ഇതിന്റെ വിശദാംശങ്ങൾ ശേഖരിക്കാൻ നടപടി സ്വീകരിക്കണം. സ്വീകരിച്ച നടപടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. വിശദാംശങ്ങൾ നവംബർ മാസത്തിൽ റിപ്പോർട്ട് ചെയ്യണം.

(നടപടി:– 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.8** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിട്ടി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് പ്രവൃത്തികളുടെ നിർവഹണം ത്വരിതപ്പെടുത്താൻ ബഹു. വകുപ്പ് മന്ത്രിമാരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**3.9** SSAക്ക് കഴിഞ്ഞവർഷം (2016–17) തദ്ദേശസ്ഥാപനങ്ങൾ നൽകിയ തുക, അതിന്റെ ഭൗതിക നേട്ടം സംബന്ധിച്ച റിപ്പോർട്ട് അതാതു തദ്ദേശഭരണ സ്ഥപനങ്ങൾ

ശേഖരിക്കേണ്ടതാണ്. ഇതിന് ബന്ധപ്പെട്ട എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ കത്തെഴുതണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

3.10 മുൻവർഷങ്ങളെ അപേക്ഷിച്ച് നിർമ്മാണ പ്രവർത്തികൾക്ക് കാലതാമസം കൂടാതെ സാങ്കേതിക അനുമതി നൽകാൻ കഴിഞ്ഞു എന്നുയോഗം വിലയിരുത്തി. ബന്ധപ്പെട്ട എല്ലാ എഞ്ചിനീയർമാരേയും പ്രത്യേകം അഭിനന്ദിക്കാൻ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

**(നടപടി** – 1. തദ്ദേശസ്വയംഭരണ വകുപ്പ്(ഇ ഡബ്ല്യു)
2. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ)

3.11 എല്ലാ പ്രവൃത്തികളുടേയും ടെണ്ടർ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം. ഇതിൽ വീഴ്ചസംഭവിച്ചാൽ പ്രോജക്ട് നിർവ്വഹണത്തേയും പദ്ധതിചെലവിനേയും ബാധിക്കും എന്നതിനാൽ ഇതിൽ പ്രത്യേകം ശ്രദ്ധ നൽകണം.

നടപടി-1) തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്
2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ

3.12 ലൈഫ് മിഷന് മതിയായ തുക വകയിരുത്താത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി ഭേദഗതി സമയത്ത് തുക വകയിരുത്തണം. മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് വാർഷിക ഭേദഗതിയുടെ അംഗീകാര സമയത്ത് ഡി.പി.സി. ഉറപ്പുവരുത്തണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)
2)ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം, എസ്.പി.ബി)

3.13 ലൈഫ് മിഷനിൽ ഉൾപെടുത്തി വീടിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ഇത്തരം ഭവനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ട എസ്റ്റിമേറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ/ ഓവർസീയർമാർ എന്നിവർ തയ്യാറാക്കണം.

(നടപടി-1)തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്
2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ

3.14 SCSP/TSP പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ഈ വിഹിതം 100 ശതമാനം ചെലവഴിക്കാനും കഴിയണം. ഈ പദ്ധതികൾ നടപ്പാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരം നിർദ്ദേശിക്കാൻ തദ്ദേശഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി–തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്)

3.15 അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ശുചിത്വമിഷന്റെ നാളിതുവരെയുള്ള പ്രവർത്തനത്തെ സംബന്ധിച്ചും ഭാവികർമ്മ പരിപാടികൾ സംബന്ധിച്ചും അവതരണം നടത്തണം.

നടപടി–1) തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പ്
2) ഡയറക്ടർ ശുചിത്വ മിഷൻ)

3.16 2018–19 ലേക്ക് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുതുക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കാൻ എസ്.ആർ.ജിയെ ചുമതലപ്പെടുത്തി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക ബഡ്ജറ്റിൽ 2018–19–ലെ വാർഷിക പദ്ധതിയും ഉൾപ്പെടുത്തത്തക്ക വിധത്തിൽ മാർച്ച് മാസത്തിൽതന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വാർഷിക പദ്ധതിക്ക് ഡി.പി.സി. അംഗീകാരം നേടിയിരിക്കണം. അതിനുള്ള കലണ്ടർ തയ്യാറാക്കാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. പുതിയ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ രണ്ടോ മൂന്നോ പേരുടെ സേവനം മൂന്നുമാസത്തേക്ക് എസ്.ആർ.ജി ലേക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

നടപടി–1) തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് )

3.17 തദ്ദേശഭരണ സ്ഥാപനങ്ങൾ നികുതി പിരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്ന് യോഗം വിലയിരുത്തി. നികുതിവരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. നികുതി വരുമാനം, കുടിശ്ശിക ഇത് സംബന്ധിച്ച വിശദമായ ഒരു പരിശോധന ആവശ്യമുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിനായി പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയോ സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റേയോ സേവനം ഉപയോഗപ്പെടുത്തണം. ഇതിനു കഴിയാതെ വന്നാൽ മറ്റൊരു ഏജൻസിയെ കണ്ടെത്തണം. ഇതിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ഒരു റിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ നൽകണം.

നടപടി–1) തദ്ദേശസ്വയംഭരണ(എ.എ)വകുപ്പ്
2) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് )

3.18 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എസ്.സി.എസ്.പി/ ടി.എസ്.പി ഫണ്ടുകളുടെ ചെലവ് പൊതു വിഭാഗം ഫണ്ടിന്റെ ചെലവിനേക്കാൾ താരതമ്യേന കുറവാണ്. മുൻവർഷങ്ങളിലും ഇപ്രകാരമാണ്. പ്രത്യേക പരിഗണന

അർഹിക്കുന്ന വിഭാഗത്തിനു വേണ്ടിയുള്ള ഈ ഫണ്ടിന്റെ ഉപയോഗവും പദ്ധതി നിർവഹണവും പ്രത്യേകമായി വിലയിരുത്താൻ തീരുമാനിച്ചു. ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാ തലത്തിലുള്ള ഇത്തരം പദ്ധതികളുടെ അവലോകന ത്തിന് പ്രത്യേക പ്രാധാന്യം ജില്ലാ ആസൂത്രണ സമിതി നൽകണം. കൂടാതെ സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവർ പ്രത്യേകമായി അവലോകനം നടത്തണം. കൂടാതെ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും സംസ്ഥാന തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ **SCSP/TSP** പദ്ധതികൾ പ്രത്യേകം അവലോകനം ചെയ്യണം. പൊതു വിഭാഗം പദ്ധതി ചെലവിനേക്കാൾ എസ്.സി.എസ്.പി/റ്റി.എസ്.പി പദ്ധതി ചെലവ് കുറയുകയാണെങ്കിൽ പരിഹാര തുക വകയിരുത്തുന്ന രീതി (പൊതു വിഭാഗത്തിൽ നിന്ന് എസ്.സി.എസ്.പി./ റ്റി.എസ്.പി വിഹിതത്തിലേയ്ക്ക് നിർബന്ധമായും വകമാറ്റുന്ന രീതി) പരിഗണിക്കേണ്ടി വരുമെന്ന് യോഗം വിലയിരുത്തി.

(നടപടി:- 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2)പഞ്ചായത്ത് ഡയറക്ടർ
3)നഗരകാര്യ ഡയറക്ടർ
4)ഗ്രാമവികസന കമ്മീഷണർ
5) എസ്.സി. ഡയറക്ടർ
6) എസ്.റ്റി. ഡയറക്ടർ)

**3.19** ചില തദ്ദേശഭരണ സ്ഥാപനങ്ങൾ 2017 ഏപ്രിൽ ആദ്യം സമർപ്പിച്ച ബില്ലുകൾ സാംഖ്യയിലൂടെയല്ല. അതിനാൽ അത്തരം ചെലവുകൾ 2017 - 18 ലെ പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല. അവ വാർഷിക പദ്ധതി പുരോഗതിയിൽ ഉൾപ്പെടുത്താൻ ക്രമീകരണം ഐ.കെ.എം. സോഫ്റ്റ് വെയറിൽ ചെയ്യണം.

(നടപടി:- 1)തദ്ദേശസ്വയംഭരണ (ഐ.ബി)വകുപ്പ്
2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**3.20** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ വെറ്റിംഗിനും സാങ്കേതിക അനുമതിക്കും അയയ്ക്കുന്നത് ഓൺലൈൻ ആയാണ്. എന്നാൽ ശുചിത്വമേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സംസ്ഥാന ശുചിത്വമിഷന് ഓൺലൈൻ വഴി അയയ്ക്കാൻ ക്രമീകരണം ഇല്ല. മുൻവർഷങ്ങളിൽ ഇത്തരം പ്രോജക്ടുകളുടേയും എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ ശുചിത്വമിഷനു നൽകി സാങ്കേതിക അനുമതി വാങ്ങുന്ന രീതിയായിരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇതു സംബന്ധിച്ച് അവ്യക്തതകൾ ഉണ്ട്. ഇതിന്മേൽ താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** ജില്ലാതലത്തിൽ വെറ്റ ചെയ്ത് സാങ്കേതികാനുമതി നൽകാവുന്നവ ജില്ലാ തലത്തിൽ തന്നെ നൽകണം. പ്രത്യേക സാങ്കേതിക പരിശോധന ആവശ്യമുള്ള പ്രോജക്ടുകളും ജില്ലാതലത്തിലെ 'സാമ്പത്തിക പരിധിക്കപ്പുറമുള്ള' പ്രോജക്ടുകളും മാത്രം സംസ്ഥാന ശുചിത്വ മിഷന് നൽകിയാൽ മതി. ഇവ ഓൺലൈനായി നൽകാനുള്ള ക്രമീകരണം 2 മാസത്തിനകം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം. അതുവരെ മുൻവർഷങ്ങളിലെ പ്പോലെ പ്രോജക്ടിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ നൽകി സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്.

നടപടി-1) തദ്ദേശസ്വയംഭരണ(ഡി.സി)വകുപ്പ്
2) ഡയറക്ടർ, ശുചിത്വ മിഷൻ
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ)

**3.21** മുൻകാലങ്ങളിൽ ഭവന പദ്ധതി പ്രോജക്ടുകൾ വെറ്റ ചെയ്തിരുന്നതുപോലെ തന്നെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രോജക്ടുകളും ബ്ലോക്കുതലത്തിൽ ബ്ലോക്കു ഡെവലപ്മെന്റ് ഓഫീസറും ജില്ലാതലത്തിൽ അസി.ഡെവലപ്മെന്റ് കമ്മീഷണറും സംസ്ഥാനതലത്തിൽ ഗ്രാമവികസന കമ്മീഷണറും വെറ്റ് ചെയ്യണ്ടതാണ്.

നടപടി-1) തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്
2) ഗ്രാമവികസന കമ്മീഷണർ)

**3.22** തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അവലോകനം കൂടുതൽ ഫലപ്രദമാക്കണമെന്ന് യോഗം തീരുമാനിച്ചു. എല്ലാ ജില്ലകളിലും ഒക്ടോബർ മാസം ബ്ലോക്ക് തല/നഗരസഭാതല അവലോകനം നടത്തേണ്ടതാണ്. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ അവലോകനം നടത്തണം. ബ്ലോക്ക്തല അവലോകനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസ്സിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ എന്നിവർ നിർബന്ധമായും പങ്കെടുക്കണം. മുനിസിപ്പൽ തല അവലോകനത്തിൽ ജില്ലാ പ്ലാനിംഗ് ഓഫീസറെ കൂടാതെ മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർ പങ്കെടുക്കണം. ഡി.പി.സി. ചെയർപേഴ്സണും ജില്ലാ കളക്ടറും കഴിവതും യോഗങ്ങളിൽ പങ്കെടുക്കണം. ഡി.പി.സി അംഗങ്ങൾക്ക് ഓരോ ബ്ലോക്കിന്റെയും ചുമതല നൽകണം. ബ്ലോക്ക്/ മുനിസിപ്പൽതല അവലോകന യോഗത്തിന്റെ റിപ്പോർട്ട് ജില്ലാ കളക്ടർ പ്രത്യേകമായി വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തണം.

അവലോകനത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി പ്രത്യേകം വിലയിരുത്തണം. പദ്ധതി ചെലവിൽ പുറകിൽ നിൽക്കുന്ന വകുപ്പുകളിൽ ജില്ലാ കളക്ടറും ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരും പ്രത്യേകമായ ഇടപെടൽ നടത്തണം.

ജില്ലാതലത്തിൽ വകുപ്പുകളുടെ അവലോകനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം കൂടി അവലോകനം ചെയ്യേണ്ടതാണ്.

ബ്ലോക്ക്തല/ജില്ലാതല അവലോകന യോഗങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാപ്ലാനിംഗ് ഓഫീസർ സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ ചീഫിന് നൽകേണ്ടതും ചീഫ് അത് കോഓർഡിനേഷൻ കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക്പഞ്ചായത്തുകളുടെയും റിപ്പോർട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും (ജനറൽ) യഥാക്രമം പഞ്ചായത്ത് ഡയറക്ടർക്കും ഗ്രാമവികസന കമ്മീഷണർക്കും നൽകണം. മുനിസിപ്പാലിറ്റികളുടെ റിപ്പോർട്ട് റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ ഡയറക്ടർക്ക് നൽകണം.

നടപടി-1) തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്
2) ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്)
3) പഞ്ചായത്ത് ഡയറക്ടർ
4) നഗരകാര്യ ഡയറക്ടർ,
5).ഗ്രാമവികസന കമ്മീഷണർ)

**3.23** മുൻ വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിക്ക് ഭേദഗതി അനുവദിച്ചിരുന്നത് സാമ്പത്തിക വർഷാവസാനം ആയിരുന്നു. എന്നാൽ ഈ വർഷം ഓരോ ത്രൈമാസവും 25 ശതമാനം വീതം പദ്ധതി ചെലവ് വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജനുവരി മുതൽ മാർച്ച് മാസം വരെയുള്ള മൂന്ന് മാസക്കാലം ചെലവഴിക്കാവുന്ന പരമാവധി പദ്ധതി തുക 30 ശതമാനമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി ചെലവിലെ ഈ ക്രമീകരണം അനുസരിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് സഹായകരമാകും വിധം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017-18-ലെ വാർഷിക പദ്ധതി 16.10.2017 മുതൽ 25.10.2017 വരെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭേദഗതി ചെയ്യാവുന്നതാണ്. ഇതിനുള്ള മുന്നൊരുക്കം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തിരമായി കൈക്കൊള്ളുകയും എല്ലാത്തരം ഭേദഗതികളും 25.10.2017-നു മുമ്പ് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

I. 2017-18 വാർഷിക പദ്ധതിയിൽ ചുവടെപറയുന്നവയ്ക്ക് മാത്രം ഭേദഗതി ചെയ്യുന്നതിനാണ് അനുമതി നൽകുന്നത്.
   1. വാർഷിക പദ്ധതി പ്രോജക്ടുകളിൽ അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചുകൊണ്ട് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനോ ഉള്ള ഭേദഗതി
   2. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് (ഉദാ. MPLAD, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത

പദ്ധതികൾ തുടങ്ങിയവ) നടപ്പാക്കുന്ന പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള ഭേദഗതി.

3. എസ്.സി.എസ്.പി., റ്റി.എസ്.പി, ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നാൽ പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്
4. വെറ്റിംഗ് ഓഫീസർ അംഗീകരിക്കാത്തതോ സാങ്കേതികാനുമതി ലഭിക്കാത്തതോ ആയ പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വന്നാൽ ഇവയ്ക്ക് പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്.
5. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനു വേണ്ടി.
6. ഭാഗികമായി നിർമ്മാണം നടത്തിയ വീടുകൾ ലൈഫ് മിഷന്റെ ഭാഗമായി പൂർത്തിയാക്കാൻ പ്രോജക്ടുകൾ തയ്യാറാക്കാം. ഇതിനായി അധിക വിഹിതം കണ്ടെത്താൻ സേവിംഗ് തുകയോ മുൻപ് ഭവന നിർമ്മാണത്തിന് മാറ്റി വച്ച തുകയോ ഉപയോഗിക്കേണ്ടതാണ്. ഈ തുക തികയാതെ വന്നാൽ മാത്രം അത്യാവശ്യ സ്വഭാവ മില്ലാത്ത പ്രോജക്ടുകൾ ഭേദഗതി ചെയ്യാം.
7. വ്യക്തിഗത പ്രോജക്ടുകളിൽ അർഹതയുള്ള ഗുണഭോക്താക്കൾ ഇല്ലായെങ്കിൽ അത്തരം പ്രോജക്ടുകൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ഭേദഗതി ചെയ്യാവുന്നതാണ്.
8. അധികമായി ലഭിച്ച ലോക ബാങ്ക് ഫണ്ടുപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഭേദഗതി.
9. സ.ഉ.(സാധാ)നം.3337/2017/ധന – തീയതി 12.04.2017, സ.ഉ.(സാധാ) നം.5375/ 2017/ധന– തീയതി 05.07.2017 എന്നീ ഉത്തരവുകൾ പ്രകാരം അധികമായി അനുവദിച്ച ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുന്ന തിനോ
10. സർക്കാർ നിർദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ എറ്റെടുക്കുന്നതിനായി

മുകളിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾ പ്രകാരം പ്രോജക്ടുകൾ ഭേദഗതി വരുത്തുമ്പോൾ ഭേദഗതി വരുത്താനുള്ള കാരണം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

II.

1) തനത് ഫണ്ടിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് പകരം മറ്റ് സ്രോതസ്സിലുള്ള ഫണ്ട് ഉപയോഗിക്കുന്നതിന് ഭേദഗതി പാടില്ല.

2) 2017–18 വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2017 ഒക്ടോബർ 25–ന് മുമ്പുതന്നെ ഭേദഗതി ഡി.പി.സി. അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ നടത്തണം.

നടപടി:– 1)തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

## 4. പ്രത്യേക വിഷയങ്ങൾ

### 4.1 അലനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.09.2017-ലെ കത്ത്

ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് 87.50 ലക്ഷം രൂപ വകയിരുത്തി 42 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ഡി.പി.സി അംഗീകാരം നൽകിയിട്ടുണ്ട്. ഇവ വെറ്റിംഗ് ഓഫീസർ നിരസിച്ചതിനാൽ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു.

**നടപടി:–തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.2 തദ്ദേശമിത്രം പ്രോജക്ട് ഡയറക്ടറുടെ 13.09.2017-ലെ 29/2015/KLGSDP – നമ്പർ കത്ത്

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലായി 2015-16-ൽ ആരംഭിച്ച 96 സ്പിൽ ഓവർ പ്രോജക്ടുകൾ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇത്തരം പ്രോജക്ടുകൾ പൂർത്തിയാക്കാൻ ലോക ബാങ്ക് വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും സുലേഖ സോഫ്റ്റ് വെയറിൽ ഈ തുക ചേർത്തിട്ടില്ല. അതിനാൽ ഈ സ്പിൽ ഓവർ പ്രോജക്ട് ഇനിയും ചേർത്താൽ വാലിഡേഷൻ പോകും എന്നതിനാൽ ഇതു പരിഹരിച്ച് ഈ സ്പിൽഓവർ പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ചേർക്കാൻ ക്രമീകരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്.

അടിയന്തിര സ്വഭാവമുള്ളതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ ലോക ബാങ്ക് വിഹിതത്തിന് വാലിഡേഷൻ ഒഴിവാക്കിയിരുന്നു. ഇതിന്റെ സാധൂകരണം സംബന്ധിച്ച്

**തീരുമാനം** – ലോക ബാങ്ക് വിഹിതത്തെ വാലിഡേഷനിൽ നിന്ന് ഒഴിവാക്കിയ നടപടിക്ക് സാധൂകരണം നൽകുന്നു. ഈ ലോക ബാങ്ക് വിഹിതം കൂടി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ഇത് പിന്നീട് ക്രമപ്പെടുത്തേണ്ടതാണ്.

**നടപടി:–1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ. ഐ.കെ.എം**

### 4.3 പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2017-ലെ C4-01/17-ാംാം നമ്പർ കത്ത്

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1) | പഞ്ചായത്ത് ആഫീസുകൾക്കും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും സ്ട്രീറ്റ് ലൈറ്റുകൾക്കും സോളാർ പാനൽ സ്ഥാപിക്കൽ | 20,72.000 (FC)<br>(ആകെ അടങ്കൽ 25,00,000) |

| | | |
|---|---|---|
| 2) | പുതുവേലിപ്പടി മീനാംകുടി കടവ് റോഡ് | 2,50,000/ രൂപ |
| 3) | താണിക്കുന്നേൽ കുന്നംന്താണി റോഡ് കോൺക്രീറ്റിംഗ് | 1,00,000/- രൂപ |
| 4) | ചുള്ളാപ്പിള്ളി പീടിക തൃക്കേപ്പടി റോഡ് കോൺക്രീറ്റിംഗ് | 1,52,000/- രൂപ |

ഇവയ്ക്ക് അനുമതി സംബന്ധിച്ച്

**തീരുമാനം** - 1) ക്രമനം. 1 - സ്ട്രീറ്റ് ലൈറ്റിനു വേണ്ടി മാത്രം സോളാർ പാനൽ സ്ഥാപിക്കാൻ അനുമതി നൽകുന്നു.
2) ക്രമനം. 2, 3, 4- ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഈ പ്രോജക്ടുകൾ നടപ്പാക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി:-1)തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്**

**4.4 മാന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 21.08.2017-ലെ A2-5182/17-ാം നമ്പർ കത്തും 20.07.2017-ലെ 1.3-ാം നമ്പർ ഭരണ സമിതി തീരുമാനവും**

2016-17 വർഷം താഴെപ്പറയുന്ന മൂന്ന് പ്രോജക്ടുകൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയിരുന്നു. ഇത് മാർഗരേഖ പ്രകാരമല്ലാത്തതിനാൽ പ്രത്യേക അനുമതി നൽകുകയോ പ്രോജക്ട് മാറ്റം വരുത്തി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകുകയോ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്

| ക്രമ നം | പ്രോജക്ടുനം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 47/17 | കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ വാങ്ങൽ | 1,50,000/- രൂപ |
| 2 | 164/17 | കമ്മ്യൂണിറ്റി ഹാളിന് മൈക്ക്സെറ്റ് വാങ്ങൽ | 50,000/- രൂപ |
| 3 | 168/17 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട യോഗം നടത്തുന്നതിന് റൂഫ് ടോപ് ഹാളിൽ ഫർണിച്ചർ വാങ്ങൽ | 2,00,000/- രൂപ |

**തീരുമാനം** - തനത് ഫണ്ട് ഉപയോഗിച്ച് ഭേദഗതി വരുത്തുവാൻ അനുമതി നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.5 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.08.2017-ലെ 82/2017-18/DPO/Kannur നമ്പർ കത്തും ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.07.2017-ലെ A3-5/17-ാം നമ്പർ കത്തും (LSGD - DA1/049/2017/LSGD)**

ചെങ്ങളായി ഗ്രാമപഞ്ചായത്ത് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടില്ല. ഇവയ്ക്ക് അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട്നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 57/18 | ബോട്ട് കടവ് അങ്കണവാടി കെട്ടിട നിർമ്മാണം | 10.00 ലക്ഷം രൂപ |
| 2 | 86/18 | ചെങ്ങളായി ടൗൺ അങ്കണവാടി കെട്ടിട നിർമ്മാണം | 10.00 ലക്ഷം രൂപ |

**തീരുമാനം**- അനുമതി നിരസിച്ചു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.6 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2017-ലെ A 10-1587/2014-ാം നമ്പർ കത്ത്**

വൃക്ക രോഗികൾക്ക് ചികിത്സയും പരിചരണവും നൽകുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്ത് 02.03.2016-ൽ ട്രാവൻകൂർ കൊച്ചി സൊസൈറ്റി ആക്ട് പ്രകാരം "ജീവനം - കിഡ്നി വെൽഫയർ ഫൗണ്ടേഷൻ" എന്ന സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.. ഈ സൊസൈറ്റിയുടെ പ്രവർത്തനത്തിന് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ വികസന ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്ര സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇതിന്റെ നിർവഹണ സ്ഥാപനം ജില്ലാ പഞ്ചായത്താണ്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - വിശദാംശങ്ങൾ നൽകിയിട്ടില്ല. ജില്ലാ പഞ്ചായത്ത് ഇതിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. വിശദമായ പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:-1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.7 കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 19.09.2017-ലെ B2-1/17-ാം നമ്പർ കത്ത്**

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല പരപ്പ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.08.2017-ലെ ഉത്തരവ് അനുസരിച്ച് കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ടുകൾക്ക് വെറ്റിംഗ് നടത്തി സാങ്കേതികാനുമതി നൽകുന്നതിന് കണ്ണൂർ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഇതൊഴിവാക്കി ജില്ലാ പഞ്ചായത്തിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയുള്ള ഉദ്യോഗസ്ഥനെ തന്നെ ആക്കണമെന്ന ആവശ്യം സംബന്ധിച്ച്

**<u>തീരുമാനം</u>**– ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതയിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അല്ല നിർവഹണം നടത്തുന്നത് എന്നതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ വെറ്റിംഗിനും സാങ്കേതിക അനുമതി നൽകുന്നതിനും ചുമതല നൽകാൻ അനുമതി നൽകുന്നു. പൊതു തീരുമാനം ഖണ്ഡിക 3.3 ബാധകമാണ്.

**നടപടി:–1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)**

**4.8 <u>അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2017–ലെ A1–200/2017–ാം നമ്പർ കത്ത്.</u>**

പദ്ധതി മാർഗരേഖയിൽ (സബ്സിഡി സംബന്ധിച്ച്) നെൽക്കൃഷിക്കുവേണ്ടി ജലസേചനത്തിന് പെട്ടിയും പറയും പാടശേഖര സമിതിക്ക് നൽകുന്നതിന് 100 ശതമാനം സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാം. എന്നാൽ മാർഗരേഖയിൽ പെട്ടി, പറ, മോട്ടോർ എന്നിവ അടങ്ങിയ യൂണിറ്റാണോ, പെട്ടിയും പറയും മാത്രമാണോ എന്നു വ്യക്തതയില്ലാത്തതിനാൽ പെട്ടി, പറ, മോട്ടോർ എന്ന് ഒറ്റ യൂണിറ്റായി കണക്കാക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – പെട്ടി, പറ ഇവയോടൊപ്പം മോട്ടോർ കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്.

**(നടപടി– തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്)**

**4.9 <u>ചെമ്മരുതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2017–ലെ A1–1888/17–ാം നമ്പർ കത്തും 20.06.2017–ലെ 1(A)–ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള താഴെപ്പറയുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചില്ല. മുൻ വർഷവും ഈ പ്രോജക്ട് നടപ്പാക്കിയതാണെന്നതിനാൽ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട്നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 180/18 | വയോജന പരിപാലനം (ജനറൽ) | 13,50,000/- രൂപ |
| 2 | 182/18 | വയോജന പരിപാലനം (എസ്.സിഎസ്.പി) | 5,47,524/- രൂപ |

**<u>തീരുമാനം</u>-** പ്രത്യേക അനുമതി നൽകുന്നു.

**(നടപടി- തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്)**

**4.10 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2017-ലെ E3/3377/17/TDP/നമ്പർ കത്തും 13.07.2017-ലെ 1(13)-ാം ഭരണ സമിതി തീരുമാനവും DB1/285/17/LSGD</u>**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളുടെ സമഗ്ര ചികിത്സ എന്ന പദ്ധതി (സ്നേഹധാര) നടപ്പാക്കുന്നുണ്ട്. ഈ വർഷത്തെ അടങ്കൽ 55 ലക്ഷം രൂപ. പ്രോജക്ട് നം.1162/18. സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിമാന്ദ്യം, ഹൈപ്പർ ആക്ടിവിറ്റി എന്നിവയ്ക്ക് ആയുർവേദ ചികിത്സയോടൊപ്പം ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, മനഃശാസ്ത്ര ചികിത്സ എന്നിവയും നൽകുന്നു. പൂജപ്പുര ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് നടത്തി വരുന്ന പ്രസ്തുത ചികിത്സക്ക് ഈ വർഷം മുതൽ വർക്കല, പാലോട്, കിഴവിലം, പാറശ്ശാല എന്നീ ആയുർവേദ ആശുപത്രിയിൽക്കൂടി പെരിഫറൽ ഒ.പി. ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി തീരുംവരെ താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ ആളുകളെ നിയമിക്കണമെന്ന ആവശ്യം സംബന്ധിച്ച്

| ക്രമ നം | തസ്തിക | എണ്ണം | പ്രതിമാസ ഓണറേറിയം |
|---|---|---|---|
| 1 | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ | 1 | 39,000/- രൂപ |
| 2 | പഞ്ചകർമ്മ തെറാപ്പിസ്റ്റ് | 2 | 24,000/ രൂപ |
| 3 | ഫിസിയോ തെറാപ്പിസ്റ്റ് | 1 | 15,000/ രൂപ |
| 4 | സ്പീച്ച് തെറാപ്പിസ്റ്റ് | 1 | 15,000/- രൂപ |
| 5 | നഴ്സ് | 1 | 15,000/- രൂപ |
| 6 | ക്ലാർക്ക് | 1 | 18,000/ രൂപ |
| 7 | സാനിട്ടേഷൻ വർക്കർ | 1 | 12,000/- രൂപ |

**<u>തീരുമാനം</u>-** ഇത് വിശദമായി പരിശോധിച്ച് പിന്നീട് പരിഗണിക്കുന്നതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി വിശദാംശങ്ങൾ നൽകണം.

**നടപടി:-1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.11 ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2016,01.02.2017 എന്നീ തീയതികളിലെ ED – 2325/15–ാം നമ്പർ കത്തുകളും കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 07.06.2017–ലെ യോഗ നടപടിയും (LSGD/DB3/159/2016- LSGD)**

ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾക്ക് ബസ്സ് വാങ്ങി നൽകാൻ 2015-16–ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. 23 സീറ്റിനും 30 സീറ്റിനും ഇടയിലുള്ള 10 വാഹനം വാങ്ങാനാണ് തീരുമാനമെടുത്തത്. ബസ് കമ്പനികളിൽ നിന്ന് നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. കമ്പനി നൽകിയ സ്പെസിഫിക്കേഷനും വിലയും താഴെ ചേർക്കുന്നു.

**Eicher – 24+1** സീറ്റ് (സ്റ്റാർ മോഡൽ) – 10,75,000/- രൂപ
**Mahindra – 24+1** സീറ്റ് (ടൂറിസ്റ്റർ മോഡൽ) – 11,33,900/- രൂപ
**Tata – 26+1** സീറ്റ് (സ്റ്റാർ ബസ് ) – 12,99,623/- രൂപ

08.07.2015–ലെ ഭരണസമിതിയുടെ തീരുമാനത്തിന് അനുസൃതമായ വാഹനം ടാറ്റാ കമ്പനിയുടെതാണെന്നതിനാൽ ടാറ്റയുടെ വാഹനം വാങ്ങാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. കമ്പനിയിൽ നിന്നല്ലാതെ ഏജൻസി മുഖേന വാങ്ങുകയാണെങ്കിൽ 11,19,623/- രൂപ നൽകിയാൽ മതിയെന്ന കാരണത്താൽ (ഒരു ബസിന് - 1,80,000 രൂപ കുറവ് ) ടാറ്റയുടെ ഔദ്യോഗിക ഡീലർ ആയ പോപ്പുലർ മെഗാ മോട്ടേഴ്സ് (ഇന്ത്യ) യിൽ നിന്ന് 8 വാഹനം വാങ്ങി . സർക്കാർ അനുമതിയില്ലാതെയാണ് വാഹനം വാങ്ങിയത്. ഇതിന് സാധൂകരണം നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം 07.06.2017–ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തുവെങ്കിലും ഈ വിഷയം കൂടുതൽ പഠിച്ച് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. ഈ വിഷയത്തിന്മേൽ തീരുമാനമെടുക്കണമെന്ന വകുപ്പിന്റെ ആവശ്യം സംബന്ധിച്ച്

**<u>തീരുമാനം</u>–** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കും.

**നടപടി:–1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

**4.12 ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.05.2017–ലെ കത്ത്** (LSGD – DB3/170/2017/LSGD)

ഇടുക്കി ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിന് (കോലാനി) വാഹനം വാങ്ങുന്നതിന് 7.00 ലക്ഷം രൂപ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം**– അനുമതി നിരസിച്ചു.

**നടപടി:–തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.13 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 18.09.2017–ലെ** DB7/8185/17/CE **തസ്വഭവ കത്തും പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2017–ലെ കത്തും**

2014–15 വാർഷിക പദ്ധതിയിൽ ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് കുറ്റിലക്കടവ് റോഡ് നിർമ്മാണത്തിന് 4.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി ശ്രീ. എം.എം. ഹാഷിം എന്ന കോൺട്രാക്ടർ ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഈ കോൺട്രാക്ടർക്ക് ഈ പ്രവൃത്തി ചെയ്യാൻ കത്ത് നൽകുകയോ, കരാർ ഉടമ്പടി വയ്ക്കുകയോ സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. ഇതിന്റെ തുക നൽകാമോ എന്ന് പഞ്ചായത്ത് പ്രസിഡന്റ് ചീഫ് എഞ്ചിനീയറോട് 10.04.2017–ൽ കത്തു മുഖേന ആരാഞ്ഞിരുന്നു. തുക ലഭിക്കാത്തതിനാൽ കോൺട്രാക്ടർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ 17.08.2017–ലെ WP cc 19327 (M) നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയോട് നിയമാനുസൃത നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരിക്കുന്നു. ഇതിന്മേൽ തീരുമാനമെടുക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം**– ഇതിന്മേൽ പരാതിക്കാരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് അസി.എഞ്ചിനീയർ എന്നിവരുടെ ഹിയറിംഗ് നടത്താൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. ആവശ്യമായ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പഞ്ചായത്ത് ഡയറക്ടർക്ക് നൽകണം. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കും.

**നടപടി:–1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)**

**4.14 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 14.09.2017)**

മാർഗ്ഗരേഖ പ്രകാരം സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ എന്നീ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് 50

ശതമാനം സബ്സിഡിയാണ് അനുവദിക്കാവുന്നത്. ഇത് 100 ശതമാനമാക്കി ഉയർത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം**– ജില്ലാ പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് 100 ശതമാനം ചെലവ് ജില്ലാ പഞ്ചായത്ത് വഹിക്കുന്നതിന് അനുമതി നൽകുന്നു. എന്നാൽ ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിന് ശുചിത്വ മിഷന്റെ ധനസഹായം ലഭിക്കാവുന്ന അവസരങ്ങളിൽ അവ ഉറപ്പാക്കണം.

ശുചിത്വ മിഷന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം മാലിന്യ സംസ്കരണ സംവിധാനം ഒരുക്കേണ്ടത്. പൊതു തീരുമാനം ഖണ്ഡിക 3.5 ബാധകമാണ്.

**നടപടി:–തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.15 കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 31.07.2017–ലെ** A4–**3452/16–ാം നമ്പർ കത്തും 25.07.2017–ലെ 76/17(1) –ാം നമ്പർ ഭരണസമിതി തീരുമാനവും. (**LSGD – DA1/606/2017– LSGD

(1) 2016–17 വർഷം 10.00 ലക്ഷം രൂപ വകയിരുത്തി "ഗർഭിണികളായ ആദിവാസി സ്ത്രീകൾക്ക് മെഡിക്കൽ ക്യാമ്പും പോഷകാഹാര കിറ്റു വിതരണവും" (പ്രോ.നം.590/17) എന്ന പ്രോജക്റ്റ് നടപ്പാക്കി. മാർഗരേഖപ്രകാരം ഇത് അനുവദനീയമല്ലാത്തതിനാൽ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. ഇതിന് സാധൂകരണം സംബന്ധിച്ച്

**തീരുമാനം**– വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

**നടപടി:–തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(2) 2017–18 വർഷവും ഈ പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടങ്കൽ 20 ലക്ഷം രൂപ. പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം**– പട്ടികവർഗ്ഗ മേഖലയിൽ അമ്മമാരുടേയും നവജാത ശിശുക്കളുടേയും ആരോഗ്യം ഉറപ്പു വരുത്തുന്നതിനുള്ള പ്രോജക്റ്റായതിനാൽ പ്രത്യേക അനുമതി നൽകുന്നു. ഡോക്ടർമാർ നിർദ്ദേശിക്കുന്ന പോഷകാഹാരമാണ് നൽകുന്നതെന്ന് ഉറപ്പു വരുത്തണം.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.16 ബഹു. കൊട്ടാരക്കര എം.എൽ.എ.യുടെ 01.08.2017–ലെ കത്തും ഉമയനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017–ലെ** A 3– /158/2017–**ാം നമ്പർ കത്തും 24.07.2017–ലെ III (2) –ാം നമ്പർ ഭരണസമിതി തീരുമാനവും (**LSGD– DA1/652/2017 LSGD)

വീട് വയറിംഗിന് 2016–17–ൽ 7.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആകെ ഗുണഭോക്താക്കൾ 150. 2016–17 വർഷം 84 പേർക്ക് സഹായം നൽകി. പുതിയ മുദ്രപത്രത്തിൽ കരാറു വച്ച് ബാക്കി 66 പേർക്ക് ഈ വർഷം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം–** അനുമതി നൽകുന്നു.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.17 കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ കത്ത് (ലഭിച്ചത് 14.09.2017)**

പ്രത്യേക പരിഗണന അർഹിക്കുന്നവർക്കാവശ്യമായ (ഭിന്നശേഷി വിഭാഗക്കാർ) ശ്രവണ സഹായി, സഞ്ചാര സഹായ ഉപകരണങ്ങൾ എന്നിവ കെൽട്രോൺ നിർമ്മിക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റങ്ങളോടെ സ്കൂട്ടറുകളിൽ സൈഡ് വീൽ ഘടിപ്പിച്ചും നൽകുന്നുണ്ട്. അതിനാൽ ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനുള്ള അംഗീകൃത ഏജൻസിയായി കെൽട്രോണിനെ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം–** 02.12.2016–ലെ 3299/2016/തസ്വഭവ ഉത്തരവു പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാം. ഇപ്രകാരം കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉല്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്. ഇതോടൊപ്പം ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റങ്ങളോടെ കെൽട്രോൺ സൈഡ് വീൽ ഘടിപ്പിച്ചു നൽകുന്ന സ്കൂട്ടറുകൾ വാങ്ങാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.18 കുന്നംകുളം നഗരസഭാ ചെയർ പേഴ്സന്റെ 22.07.2017–ലെ 3306/17–ാം നമ്പർ കത്ത്**

(i) 25.06.2017 –ൽ ഉണ്ടായ പ്രകൃതി ക്ഷോഭത്തിൽ നഗരസഭാ പ്രദേശത്ത് വ്യാപകമായി നാശനഷ്ടമുണ്ടായി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പ്രകാരം വീടിന് കേടുപാട് സംഭവിച്ചവർക്കും മറ്റും 4.00 ലക്ഷം രൂപയുടെ (പല കുടുംബങ്ങൾക്കായി) ധനസഹായം നൽകേണ്ടതുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം–** അനുമതി നിരസിച്ചു. ഇത് റവന്യൂ വകുപ്പ് പരിഗണിക്കേണ്ട വിഷയമാണ്.

(ii) അടിയന്തിര സഹായമെന്ന നിലയിൽ 10,000/- രൂപ ശ്രീ. യൂസഫ് നാലകത്ത് എന്ന ആൾക്ക് നൽകിയിട്ടുണ്ട്. ഇതിന് സാധൂകരണം സംബന്ധിച്ച്

**<u>തീരുമാനം</u>-** പ്രത്യേക പരിഗണന നൽകി സാധൂകരണം നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.19 <u>കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2017-ലെ കത്ത്</u>**

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സ്കിൽ ഡെവലപ്മെന്റ് സെന്റർ. ജില്ലാ പഞ്ചായത്ത് വിവിധ തരം സ്കിൽ ഡെവലപ്മെന്റ് പരിശീലനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഗ്രാമസഭകൾ മുഖേനയാണ്. ഇതിനു കാലതാമസം വരും എന്നതിനാൽ പത്രപരസ്യം നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>-** ഗ്രാമസഭാ ലിസ്റ്റ് പ്രകാരം തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. ഗ്രാമസഭാ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാ എങ്കിൽ പത്രപരസ്യത്തിലൂടെ ലഭിക്കുന്ന ലിസ്റ്റിൽ മാനദണ്ഡപ്രകാരം അർഹതയുള്ളവരെ തെരഞ്ഞടുക്കാവുന്നതാണ്.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.20 <u>കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 08.08.2017-ലെ കത്ത് (</u>**<u>LSGD- DA1-637/2017 - LSGD)</u>

മാർഗ്ഗരേഖ അനുസരിച്ച് കാലിത്തീറ്റയുടെ സബ്സിഡി തുക ഗുണഭോക്താക്കളായ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. കാലിത്തീറ്റ സബ്സിഡി വിഹിതം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനു പകരം കാലിത്തീറ്റയായി തന്നെ ഗുണഭോക്താക്കൾക്കു നൽകുന്ന രീതിയിൽ മാർഗ്ഗരേഖയിൽ മാറ്റം വരുത്തണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>-** ആവശ്യം പരിഗണിച്ചില്ല. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തന്നെ നൽകേണ്ടതാണ്.

**നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.21 <u>കോഴിക്കോട് ജില്ലാ കളക്ടറുടെ 06.07.2017-ലെ 41121/17/</u>**<u>DPC/DPO/KKD</u> **<u>നമ്പർ കത്തും കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും.</u>**

2017-18-ലെ വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര്/ ഗ്രാമപഞ്ചായത്തിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1) | 84/17 | ശ്മശാന നവീകരണം (കാരശ്ശേരി ഗ്രാമപഞ്ചായത്ത്) | 5.00 ലക്ഷം രൂപ |
| **2)** | 85/17 | ശ്മശാന നവീകരണം (പെരുമണ്ണ ഗ്രാമപഞ്ചായത്ത്) | 5.00 " |
| **3)** | **94/17** | ശ്മശാന നവീകരണം (കുന്ദമംഗലം ഗ്രാമപഞ്ചായത്ത്) | 5.00 " |

**<u>തീരുമാനം</u>-** ശ്മശാന നവീകരണമായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ(ഡി. ബി) വകുപ്പ്**

4) **9/17** മാലിന്യ സംസ്കരണം ഗ്രീൻ പ്രോട്ടോക്കോൾ. 22.50 ലക്ഷം രൂപ

ഡിസ്പോസിബിൾ ഗ്ലാസ്സ്, പ്ലേറ്റ് എന്നിവ ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്റ്റീൽ ഗ്ലാസ്, സ്റ്റീൽ പ്ലേറ്റ് എന്നിവ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട്.

**<u>തീരുമാനം</u> -** ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുന്നതിന്റെ ഭാഗമാണെന്നതിനാൽ അംഗീകാരം നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.22 കട്ടപ്പനബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.08.17 ലെ കത്തും 09.06.17 ലെ 1 (1)-ാം നമ്പർ ഭരണസമിതി തീരുമാനവും (**LSGD/DA1/679/2017**).**

പഠനമുറി നിർമ്മിച്ചുനൽകാൻ (SCSP-യിൽ 71,00,000 രൂപയും പ്രോ.നം. 47/18, റ്റി.എസ്.പിയിൽ 13,00,00/- രൂപയും പ്രോ.നം. 114/18) പ്രോജക്ടു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.പി.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഈ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നത്. ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u> -** 1. ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.23 **ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 13.09.2017 ൽ)**

പട്ടികവർഗ്ഗവിഭാഗത്തിന് ഭവനനിർമ്മാണത്തിനു നൽകുന്ന ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് ആശ്രയഗുണഭോക്താക്കൾക്കും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – ഭവന നിർമ്മാണ പ്രോജക്ടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ലൈഫ് പദ്ധതി പ്രകാരമുള്ള യൂണിറ്റ് നിരക്ക് സ്വീകരിക്കേണ്ടതാണ്.

**നടപടി:–തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.24 **കോഴിക്കോട് ജില്ലാ കളക്ടറുടെ 25.09.2017 ലെ 4121/17/DPC/DPO/KKD (1)–ാം നമ്പർ കത്ത്**

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് നൂതന പ്രോജക്ട് എന്ന നിലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന താഴെ പറയുന്ന പ്രോജക്ട് ജില്ലാതല വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

പ്രോ.നം. 33/18. കാർഷിക ഉൽപ്പന്ന വിപണനത്തിന് ബങ്കുകൾ– അടങ്കൽ 18,00,000/– രൂപ.

വിവിധ പദ്ധതികളിലൂടെ ഉൽപാദിപ്പിക്കുന്ന വിഷരഹിതപച്ചക്കറികളും ഫലവർഗ്ഗങ്ങളും വിപണനം നടത്തുന്നതിന് സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ലക്ഷ്യം. ഒരു ഗ്രൂപ്പിന് 2.00 ലക്ഷം രൂപ ധനസഹായം നൽകുന്നു. മാർഗ്ഗരേഖപ്രകാരം ബ്ലോക്ക പഞ്ചായത്തിനു നൽകാവുന്നത് 75,000/– രൂപയാണ്.

**തീരുമാനം**– നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ, വിപണനം നടത്താനുദ്ദേശിക്കുന്ന സ്ഥലം, തുക ചെലവഴിക്കുന്ന രീതി തുടങ്ങിയ വിശദാംശങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു ജില്ലാ വിദഗ്ധ സമിതി അറിയിച്ചിട്ടുണ്ട്. നൂതന ഗണത്തിൽപ്പെടുത്താവുന്ന പ്രത്യേകതകൾ കാണുന്നില്ല. അനുമതി നിരസിച്ചു.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

4.25 **കോഴിക്കോട് ജില്ലാകളക്ടറുടെ 25.09.17 ലെ 4121/17/**DPC/DPO/KKD (2)–**ാം നമ്പർ കത്ത്.**

1. വടകര ബ്ലോക്ക് പഞ്ചായത്ത് താഴെപറയുന്ന പ്രോജക്ടുകൾ നൂതന പ്രോജക്ടുകൾ എന്ന നിലയിൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അവ ജില്ലാതല സമിതി അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**പ്രോ.നം. 12/18 സർഗ്ഗഭേരി – അടങ്കൽ 3,00,000/– രൂപ**

അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ക്രിയാത്മകതയും സർഗ്ഗശേഷിയും ഉയർത്തുക, കഴിവുള്ള അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും അംഗീകരിക്കുക, ശാസ്ത്രപാർലമെന്റ് പ്രാദേശിക വിദ്യാകേന്ദ്രം, അദ്ധ്യാപക സംഗമം, പ്രതിഭാ സംഗമം, പ്രശ്നോത്തരികൾ, മൈ ഇംഗ്ലീഷ് ജോതിശാസ്ത്ര പരിപാടി, സർഗ്ഗഭേരി പ്രസിദ്ധീകരണം എന്നിവയാണ് പ്രവർത്തനങ്ങൾ.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്**

**<u>തീരുമാനം</u>** – ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ലായെന്നും നൂതന ആശയം ഇല്ലായെന്നുമുള്ള ജില്ലാതല വിദഗ്ധ സമിതിയുടെ അഭിപ്രായമനുസരിച്ച് അനുമതി നിരസിച്ചു.

**II. പ്രോ.നം. 43/12. ആരോഗ്യതീരം. അടങ്കൽ 7,00,000/– രൂപ**

ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുക, ക്ഷയരോഗ ലക്ഷണമുള്ള മുഴുവനാളുകളെയും കണ്ടെത്തി ചികിത്സിക്കുക, പ്രതിരോധ കുത്തിവയ്പ്പ് കാര്യക്ഷമമാക്കുക, മാതൃമരണനിരക്ക് കുറയ്ക്കുക, വ്യായാമമുറ പരിശീലനത്തിലൂടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക, സർവ്വേ, രോഗനിർണ്ണയക്യാമ്പ്, കൂട്ടയോട്ടം, പോഷകാഹാരം, സംവാദങ്ങൾ എന്നിവയാണ് പ്രവർത്തനങ്ങൾ.

**<u>തീരുമാനം</u>**– ഇതിൽ മിക്കതും ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കുന്ന ഘടകങ്ങളാണെന്നും നൂതനാശയങ്ങൾ ഇല്ലായെന്നുമുള്ള ജില്ലാതല വിദഗ്ധസമിതിയുടെ അഭിപ്രായമനുസരിച്ച് അനുമതി നിരസിച്ചു.

**നടപടി:–തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

യോഗം ഉച്ച കഴിഞ്ഞ് 2.00 മണിക്ക് അവസാനിച്ചു